23/08/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/08/2025

1. ഉഷ്ണതരംഗത്തെ തുടർന്ന് പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറിയതിനെ തുടർന്ന് വലിയതോതിലുള്ള വിളനാശം നേരിട്ട കർഷകരിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മുഖേന സംഭരിച്ച നെല്ലിന് സംഭരണ തുകയായി 1 കോടി 17 ലക്ഷം അനുവദിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് പ്രസ്താവിച്ചു. ഉപ്പുവെള്ളം പാടശേഖരങ്ങളിൽ കയറിയതിനെ തുടർന്ന് പതിരായ നെല്ല് സംഭരിക്കുന്നതിൽ മില്ലുകാർ വൻ തോതിൽ കിഴിവ് ആവശ്യപ്പെടുകയും നെല്ല് സംഭരിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാർ ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ടത്. വിള ഇൻഷുറൻസ് പദ്ധതി ഉറപ്പാക്കി പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിള നാശത്തിനുള്ള നഷ്ടപരിഹാരം ഉറപ്പാക്കുക എന്നതാണ് പ്രായോഗികമായ നടപടി എന്നിരിക്കിലും കർഷകരുടെ അധ്വാനത്തിനുള്ള പരിഹാരം കേവലം നഷടപരിഹാര തുകയിൽ മാത്രം ഒതുക്കി നിർത്താൻ കഴിയുന്നതല്ല എന്ന വസ്തുതയിൽ നിന്നാണ് ഉപ്പ് വെള്ളം കയറിയ പാടശേഖരങ്ങളിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് നെല്ല്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഭരിക്കുന്നതിന് ആലോചിച്ചത്. സപ്ലൈകോ മില്ലുകാരെ ചുമതലപ്പെടുത്തിയാണ് സംഭരണ പ്രവർത്തനങ്ങൾ പാടശേഖര അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നത്.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് 2024-25 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായം നൽകുന്നു. സർക്കാർ / എയ്ഡഡ് സ്കൂളിൽ കേരള സ്റ്റേറ്റ് സിലബസിൽ വിദ്യാഭ്യാസം നടത്തിയവരും പരീക്ഷ ആദ്യ അവസരത്തിൽ പാസായവരുമായ വിദ്യാർഥികൾ ആയിരിക്കണം. 2024-25 വർഷത്തെ എസ്.എസ്.എൽ.സി / ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75 ഉം അതിൽ കൂടുതൽ പോയിന്റും എസ്.സി / എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 70 പോയിന്റ് നേടിയവരും ഹയർസെക്കണ്ടറി / വി.എച്ച്.എസ്.സി അവസാന വർഷ പരീക്ഷയിൽ 85 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയവരും എസ്.സി / എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം നേടിയവരുമായ വിദ്യാർഥികൾക്ക് 30 വരെ ജില്ലാ ഓഫീസുകളിൽ അപേക്ഷിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപ്പീൽ അപേക്ഷകൾ സെപ്റ്റംബർ 15 വരെ തൃശ്ശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ സ്വീകരിക്കും. അപേക്ഷാ ഫോം www.agriworkersfund.org യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2729175

3. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാളികേര ഗവേഷണ കേന്ദ്രം തിരുവനന്തപുരം, തൃശ്ശൂർ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രം, കാസർകോഡുള്ള കാർഷിക കോളേജ് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നീ കേന്ദ്രങ്ങളിൽ കേരശ്രീ, കേരഗംഗ, കേരശങ്കര, ലക്ഷഗംഗ, ആനന്ദഗംഗ എന്നീ ഇനങ്ങൾ തെങ്ങിൻ തൈകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില 325 രൂപ മുതൽ 375 രൂപ വരെ. ഫോൺ തിരുവനന്തപുരം: 0471-2400621, മണ്ണുത്തി : 9447442133, കാസർകോഡ് : 9995380561, 9495240048.

## പരിശീലന പരിപാടി

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിൽ ഇന്ന് (2025 ആഗസ്റ്റ് 23ന്) ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോൺ നമ്പറിൽ രജിസ്റ്റര് ചെയ്യാവുന്നതാണ്.

2. ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ഡിസ്ട്രിക്ട് സങ്കൽപ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ ഔട്ട് റീച്ച് പരിപാടിയുടെ ഭാഗമായി പയ്യന്നൂർ ബ്ലോക്ക് പരിധിയിലെ വനിതകൾക്ക് സൗജന്യ കൂൺ കൃഷി പരിശീലനം നൽകുന്നു. അപേക്ഷകർ ആഗസ്റ്റ് 23 ന് 25 വയസ്സ് പൂർത്തിയായവരും 45 വയസ്സ് കവിയാത്തവരും ആയിരിക്കണം. ബി.പി.എൽ കുടുംബങ്ങളിലെ വനിതകൾ, വിധവകൾ എന്നിവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർക്ക് ഇന്ന് (ആഗസ്റ്റ് 23 നകം) 9605477899, 9497770157 നമ്പരുകളിൽ രജിസ്റ്റർ ചെയ്യുക.

3. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **ശാസ്ത്രീയ ആട്ടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് (2025 ആഗസ്റ്റ് 23 ശനിയാഴ്ച്ച) രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയാണ് പരിശീലനം പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഘ്യത്തിൽ 27.08.2025 ന് കന്നുകാലിഫാമുകളിലെ ജൈവമാലിന്യ സംസ്കരണം (കമ്പോസ്റ്റ്, ചാണകത്തിൽ നിന്നുമുള്ള വളങ്ങളുടെ നിർമ്മാണം) എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വനിതകൾ താഴെ പറയുന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ 25.08.2025 ന് മുമ്പായി എന്നീ ഫോൺ നമ്പറുകളിൽ 0487-2370773, 8547070773 ബന്ധപ്പെടുക.

5. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മ നിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 25 മുതൽ 29 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 0481 2353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

Email:training@rubberboard.org.in

**കാർഷിക_നിർദേശം**

1. നേന്ത്രവാഴയുടെ വിളവെടുപ്പ് നടന്ന് കൊണ്ടിരിക്കുന്ന തോട്ടങ്ങളിൽ, കുല വെട്ടിയെടുത്ത മാതൃവാഴകളിൽ നിന്ന് ആരോഗ്യമുള്ള സൂചിക്കന്നുകൾ ഇളക്കിയെടുത്ത് വൃത്തിയാക്കി സൂക്ഷിക്കണം. പഴയ വേരുകൾ നീക്കി തണ്ട് അരയടി നീളത്തിൽ നിർത്തി മുറിച്ചശേഷം കന്ന് ചാണകവും ചാരവും വെള്ളത്തിൽ കലർത്തിയ മിശ്രിതത്തിൽ മുക്കിയെടുത്ത് തണലിൽ ഉണക്കി സൂക്ഷിക്കണം. പിന്നീട് രണ്ടാഴ്ച്ചയോളം തണലുള്ള സ്ഥലത്ത് മഴ നനയാതെ സൂക്ഷിച്ച് വെച്ചതിന് ശേഷം നടാം. പിണ്ടിപ്പുഴുവിന്റെ പുഴുവുള്ള തണ്ടുകൾ വെട്ടി കഷണങ്ങളാക്കി തെങ്ങോലയോ മറ്റോ കൂട്ടിയിട്ട് കത്തിച്ച് വണ്ടിനേയും പുഴുക്കളേയും കൊല്ലണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം